## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3792** **25.06.2013 ലെ മറുപടിയ്ക്ക്**

## ആംനസ്റ്റി സ്കീം

| ചോദ്യം<br><br>ശ്രീ. കെ.എം.ഷാജി<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ | | ഉത്തരം<br><br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | വാണിജ്യ നികുതി കുടിശ്ശിക ഈടാക്കുന്നതിനു നടപ്പാക്കിയ ആംനസ്റ്റി സ്കീം ഇപ്പോൾ നിലവിലുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇതുപ്രകാരം അനുവദിച്ചിട്ടുള്ള ഇളവുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ പദ്ധതി പ്രകാരം കുടിശ്ശികക്കാരന് അനുവദിച്ചിട്ടുള്ള ഇളവുകൾ താഴെപ്പറയുന്നു:<br>1991 വരെയുള്ള കാലയളവിലെ നികുതിയുടെ 75% ഒടുക്കിയാൽ പലിശയും പിഴയും പൂർണ്ണമായും മുതലിന്റെ 25% വും ഒഴിവാകും.<br>1991-92 മുതൽ 1995-96 വരെയുള്ള കാലയളവിൽ നികുതിയുടെ 100% ഒടുക്കിയാൽ പലിശയും പിഴയും പൂർണ്ണമായും ഒഴിവാകും. 1996-97 മുതൽ 1999-2000 വരെയുള്ള കാലയളവിലുള്ള നികുതിയുടെ 100% ഒടുക്കിയാൽ പലിശ, പിഴ എന്നിവയുടെ 5% വീതം മാത്രം ഒടുക്കിയാൽ മതിയാകും. |

| | | | |
|---|---|---|---|
| | | | 2000-2001 മുതൽ 2004-05 കാലയളവിലുള്ള നികുതിയുടെ 100% ഒടുക്കിയാൽ കുടിശ്ശികയുടെ പലിശ, പിഴ എന്നിവയുടെ 10% വീതം നൽകിയാൽ മതിയാകും. നികുതി മുഴുവനും അടച്ചുകഴിഞ്ഞ് പലിശ മാത്രം അടയ്ക്കാനുള്ള കേസ്സുകളിൽ പലിശയുടെ 10% തുക മാത്രം അടച്ചാൽ മതിയാകും. |
| (സി) | പദ്ധതി തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | വ്യാപാര മേഖലയുടെ അഭ്യർത്ഥന മാനിച്ച് വിവിധ കാരണങ്ങളാൽ മുൻസ്കീമിന്റെ ആനുകൂല്യങ്ങൾ നേടുവാൻ കഴിയാതിരുന്ന ഡീലർ മാർക്കുവേണ്ടി 2013 ൽ ഒരു പുതിയ ആംനസ്റ്റി സ്കീം ആരംഭിച്ചിട്ടുണ്ട്. കേരള പൊതു വിൽപന നികുതി നിയമത്തിന്റെ 23 B വകുപ്പിൽ നിലവിലുള്ള വ്യവസ്ഥകൾക്കു വിധേയമായി 31.03.2005 വരെയുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കാനായി ഈ സ്കീം പ്രയോജനപ്പെടുത്താവുന്നതാണ്. ഈ സ്കീമിന്റെ കാലാവധി 31.12.2013 വരെയാണ്. |

സെക്ഷൻ ഓഫീസർ